നടപ്പിലാക്കിവരുന്നു. സ്വന്തം നിലയിൽ ഏതെങ്കിലും വ്യവസായമോ, തൊഴിലോ, കച്ചവടമോ, ആരംഭിക്കുന്നതിന് അവരെ പ്രാപ്തരാക്കുന്നതിനും, അതിനാവശ്യമുള്ള മൂലധനം ലഭ്യമാക്കുന്നതിനുമുള്ള പരിപാടികളും തൊഴിൽ പരിശീലനത്തെത്തുടർന്ന് നടപ്പാക്കേണ്ടതാണെന്ന് ഗവൺമെൻറു കരുതുന്നു. ഈ ഉദ്ദേശം മുൻനിറുത്തി പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗത്തിൽപെടുന്നവർക്ക് സാമ്പത്തികസഹായം നൽകുന്നതിന്, ഒരു കോർപ്പറേഷൻ രൂപീകരിക്കുവാൻ ഗവൺമെൻറ് ഉദ്ദേശിക്കുന്നു. ഇതിന് അവസാനരൂപം നൽകിക്കഴിഞ്ഞിട്ടില്ലാത്തതുകൊണ്ട് ഒരു ടോക്കൺ സംഖ്യ മാത്രമേ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുള്ളൂ.

ചില ഗവൺമെൻറ് ഡിപ്പാർട്ടുമെൻറുകളും, ഗവൺമെൻറിൻെറ ധനസഹായത്തോടുകൂടി ചില സ്വകാര്യ സ്ഥാപനങ്ങളും നടത്തിവരുന്ന സാമൂഹ്യക്ഷേമ പ്രവർത്തനങ്ങളും കൈകാര്യം ചെയ്യുന്നതിന് ഒരു സാമൂഹ്യക്ഷേമ ബോർഡ് രൂപീകരിക്കുവാൻ ഗവൺമെൻറ് ഉദ്ദേശിക്കുന്നു. ഇതിലേക്ക് ഒരു ടോക്കൺ സംഖ്യ ബഡ്ജറ്റിൽ വകകൊള്ളിച്ചിട്ടുണ്ട്.

ഭവന നിർമ്മാണം

പാർപ്പിടം ഒരു പ്രാഥമികാവശ്യമാണ്. കേരളത്തെപ്പോലെ ജനപ്പെരുപ്പമുള്ള ഒരു സംസ്ഥാനത്ത് ഇക്കാര്യത്തിലുള്ള ഉപേക്ഷ ആരോഗ്യത്തേയും ശുചിത്വത്തേയും സംബന്ധിച്ചിടത്തോളം സ്ഫോടനാത്മകമായ ഒരു അവസ്ഥ സൃഷ്ടിക്കാവുന്നതാണ്. ഭവന നിർമ്മാണ പരിപാടികളെ ത്വരിതപ്പെടുത്തുന്നതിന്, വിലങ്ങുതടിയായി നിൽക്കുന്നത് സംസ്ഥാനത്തിൻെറ സാമ്പത്തിക പരാധീനതകളാണ്. വർഷംതോറും ഗവൺമെൻറു നീക്കിവയ്ക്കാറുള്ള പരിമിതമായ തുകകൾ ഈ പ്രശ്നപരിഹാരത്തിന് കാര്യമായ പുരോഗതിയുണ്ടാക്കുവാൻ പര്യാപ്തമായിട്ടില്ല. അതിനാൽ ഗവൺമെൻറ് ഒരു ഭവനനിർമ്മാണ ബോർഡ് സ്ഥാപിക്കുന്നതിനും, അതുവഴി ധനകാര്യസ്ഥാപനങ്ങളിൽ നിന്നും ധനസഹായം നേടുന്നതിനും തീരുമാനിച്ചിട്ടുണ്ട്. അതിനാൽ നിർദ്ദിഷ്ടമായ ഭവനനിർമ്മാണ ബോർഡിൻെറ സ്ഥാപനം വളരെ പ്രാധാന്യമർഹിക്കുന്ന ഒരു സംഭവമാണെന്നും ഈ സംസ്ഥാനത്തെ തീക്ഷ്ണമായ പാർപ്പിട പ്രശ്നത്തിൻെറ പരിഹാരത്തിന് ബോർഡ് നൂതനമായ ഒരു സരണിയിലൂടെ ചലിക്കുമെന്നും പ്രത്യേകം പറയേണ്ടതില്ലല്ലോ.

പ്രസ്തുതബോർഡ് സംഘടിപ്പിക്കുന്നത് പ്രതീക്ഷിച്ചുകൊണ്ട് സാധാരണഗതിയിൽ വിവിധ ഭവനനിർമ്മാണ പദ്ധതികൾക്കായി ഒരു കോടിയോളം രൂപാ നീക്കിവച്ചിട്ടുണ്ട്. ഇതിനും പുറമേ 30 ലക്ഷം രൂപാ പോലീസുകാർക്കുള്ള ഭവന നിർമ്മാണത്തിനായും ചേർത്തിരിക്കുന്നു.

ധനകാര്യവികസന കോർപ്പറേഷനുകൾ

സംസ്ഥാനത്തെ പ്രാദേശിക സ്വയംഭരണസ്ഥാപനങ്ങൾക്ക് ജലവിതരണം, ഡ്രെയിനേജ്, പന്തകൾ, റോഡുകൾ, വാണിജ്യസ്ഥാപനങ്ങൾ എന്നിങ്ങനെയുള്ള വികസനപദ്ധതികൾക്കു വേണ്ടി ഗണ്യമായ തോതിലുള്ള ധനസഹായം ആവശ്യമുണ്ട്. സംസ്ഥാന ഗവൺമെൻറിൽനിന്നുള്ള വായ്പകളെയാണ് ഇക്കാര്യത്തിൽ അവർ പ്രധാനമായും ആശ്രയിക്കുന്നത്. എന്നാൽ ഗവൺമെൻറിനുതന്നെ വമ്പിച്ച സാമ്പത്തിക പരാധീനതകൾ ഉള്ളതിനാൽ സംസ്ഥാന ഖജനാവിൽനിന്ന് ആവശ്യമായ സാമ്പത്തികസഹായം നൽകാൻ സാദ്ധ്യമാകാതെയാണിരിക്കുന്നത്. കേന്ദ്രഗവൺമെൻറ് 1966-ൽ നിയമിച്ച ''രൂറൽ-അർബൻ റിലേഷൻഷിപ്പ് കമ്മിറ്റി'' ഒരു മുനിസിപ്പൽ

LIBRARY ARCHIVES Kerala Legislative Assembly